

THURSDAY 14/08/2025 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA


**Chief Editor:** SINDHU. KS **Editor:** Dr. V. Krishnadas



Farm Information Bureau, Kowdiar, Thiruvananthapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 14/08/2025

1. സംസ്ഥാനത്തെ കാർഷിക മേഖലയില് മികച്ച പ്രവർത്തനം കാഴ്ചവെക്കുന്നവർക്ക് നൽകുന്ന അവാർഡുകൾ കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ് ഇന്ന് പ്രഖ്യാപിച്ചു .

കേരളത്തിലെ മുൻ മുഖ്യമന്ത്രിയായിരുന്ന ശ്രീ. സി. അച്ച്യുതമേനോന്റെ പേരിൽ ഉള്ള, കാർഷിക മേഖലയിൽ മികച്ച പ്രവർത്തനം കാഴ്ചവച്ച തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനുള്ള ശ്രീ. സി. അച്ച്യുതമേനോൻ സ്മാരക അവാർഡ് 10 ലക്ഷം രൂപ, ഫലകം, സർട്ടിഫിക്കറ്റും വയനാട് ജില്ലയിലെ മീനങ്ങാടി ഗ്രാമപഞ്ചായത്തിന് ലഭിച്ചു .

കൃഷിഭവൻ സ്ഥാപിച്ച, മുൻ കൃഷിവകുപ്പ് മന്ത്രിയായിരുന്ന ശ്രീ. വി.വി രാഘവന്റെ പേരിൽ ഉള്ള, മികച്ച പ്രവർത്തനം കാഴ്ചവച്ച കൃഷിഭവനുള്ള ശ്രീ. വി.വി രാഘവൻ സ്മാരക അവാർഡ് 5 ലക്ഷം രൂപ, ഫലകം, സർട്ടിഫിക്കറ്റും മലപ്പുറം ജില്ലയിലെ താനാളൂർ കൃഷിഭവന് ലഭിച്ചു.

പത്മശ്രീ ശ്രീ. കെ വിശ്വനാഥൻ (മിത്രാനികേതൻ) മെമ്മോറിയൽ നെൽക്കതിർ അവാർഡ് 3 ലക്ഷം രൂപ, ഫലകം, സർട്ടിഫിക്കറ്റും പാലക്കാട് എലവഞ്ചേരി തുമ്പിടി കരിപ്പായി പാടശേഖര നെല്ലുൽപാദക സമിതിക്ക് ലഭിച്ചു.

ജൈവകൃഷി നടത്തുന്ന ആദിവാസി ഊരു് / ക്ലസ്റ്റർ ഒന്നാം സ്ഥാനം 3 ലക്ഷം രൂപ, ഫലകം, സർട്ടിഫിക്കറ്റ് പാലക്കാട് പുത്തൂർ അബ്ബണ്ണൂർ ഊര്, രണ്ടാം സ്ഥാനം 2 ലക്ഷം രൂപ, ഫലകം, സർട്ടിഫിക്കറ്റും തൃശ്ശൂർ വെറ്റിലപ്പാറ അടിച്ചിൽ തൊട്ടി ഉന്നതി.

സിബി കല്ലിങ്കൽ സ്മാരക കർഷകോത്തമ അവാർഡ് 2 ലക്ഷം രൂപ, ഫലകം, സർട്ടിഫിക്കറ്റ് പാലക്കാട് നല്ലേപ്പിള്ളി സ്കറിയാപ്പിള്ള സി.ജെക്ക് ലഭിച്ചു.

ff

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

2. ക്ഷീരവികസന വകുപ്പിൻറേയും അഞ്ചൽ ബ്ലോക്ക് പഞ്ചായത്തിൻ്റേയും ആഭിമുഖ്യത്തിൽ, വിവിധ ഗ്രാമപഞ്ചായത്തുകൾ, ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ, ആത്മ, സർവീസ് സഹ.ബാങ്കുകൾ, മിൽമ, കേരളാ ഫീഡ്സ്, എന്നിവരുടെ സഹകരണത്തിൽ അഞ്ചൽ ബ്ലോക്ക് ക്ഷീരകർഷക സംഗമം വിവിധ പരിപാടികളോടെ കണ്ണങ്കോട് ക്ഷീരോല്പാദക സഹകരണ സംഘത്തിന്റെ ആതിഥേയത്വത്തിൽ 2025 ആഗസ്റ്റ് മാസം 15, 16 തീയതികളിൽ കണ്ണങ്കോട് എം.റ്റി.യു.പി.എസിൽ വച്ച് സംഘടിപ്പിക്കുന്നു. പുനലൂർ എം.എൽ.എ. പി.എസ്. സുപാൽ അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ക്ഷീരവികസന- മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി ഉദ്ഘാടനം നിർവഹിക്കുന്നു. എം.പി. എൻ.കെ. പ്രേമചന്ദ്രൻ, അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഓമനമുരളി, കശുവണ്ടി വികസന കോർപറേഷൻ ചെയർമാൻ എസ്. ജയമോഹൻ, അലയമൺ ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് ജയശ്രീ, ത്രിതല പഞ്ചായത്ത് പ്രതിനിധികൾ, ഉദ്യോഗപ്രമുഖർ. ക്ഷീരസഹകാരികൾ ,മറ്റ് പ്രമുഖർ തുടങ്ങിയവർ പങ്കെടുക്കുന്നു.

3. മണ്ണുത്തി കേരള കാർഷിക സർവ്വകലാശാലക്കു കീഴിലുള്ള കാലാവസ്ഥ വ്യതിയാന പരിസ്ഥിതി ശാസ്ത്ര കോളേജിലെ വിവിധ

കോഴ്സുകളിലേക്കുള്ള അഡ്മിഷൻ ഓഗസ്റ്റ് 18 മുതൽ 23 വരെ 10:30– 4 മണി വരെ കാർഷിക സർവ്വകലാശാല, വെള്ളാനിക്കരയിലെ വിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിൽ വെച്ച് നടത്തുന്നു. ഡിഗ്രി കോഴ്സുകളായ ബി. എസ്. സി– എം. എസ്. സി (ഇന്റഗ്രേറ്റഡ് ) ബയോളജി, മൈക്രോബയോളജി , പോസ്റ്റ് ഗ്രാജുവേഷൻ കോഴ്സുകളായ കാലാവസ്ഥ ശാസ്ത്രം, പരിസ്ഥിതി ശാസ്ത്രം, സമുദ്ര -അന്തരീക്ഷ ശാസ്ത്രം തുടങ്ങിയ കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകളിലേക്ക് പ്രവേശനം നടത്തുന്നു. വെബ്സൈറ്റ് വഴി അപേക്ഷ സമർപ്പിക്കാത്തവർക്കും പ്രവേശനം നേടാനാകും. അസ്സൽ സർട്ടിഫിക്കറ്റുകളുമായി വിദ്യാർത്ഥികൾ നേരിട്ട് അഡ്മിഷൻ എടുക്കാൻ എത്തണമെന്ന് അറിയിക്കുന്നു. വിളിക്കാവുന്ന നമ്പർ: 8848296719, 9400824393. കൂടുതൽ വിവരങ്ങൾക്കായി സന്ദർശിക്കുക. https://www.kau.in/academic-notifications/32251

## പരിശീലന പരിപാടി

1. ക്ഷീര വികസന വകുപ്പിന്റെ പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് 2025 ഓഗസ്റ്റ് മാസം 21, തീയതികളിൽ 10 പശുക്കളിൽ കൂടുതൽ പശു വളർത്തുന്ന കർഷകർക്കും, നവീന സംരംഭകർക്കുമായി " "ക്ഷീര സംരംഭകർക്കുള്ള പരിശീലനം" എന്ന വിഷയത്തിൽ പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 20/- രൂപ. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ഓരോ ദിവസവും 150/- രൂപ ദിനബത്തയും, ആകെ 100/- രൂപ യാത്രാബത്തയും

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

നൽകുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ പരിശീലനത്തിനെത്തുമ്പോൾ ആധാർ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ് ബുക്കിൻ്റെ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ 2025 ഓഗസ്റ്റ് 20- ാ ം തീയതി വൈകുന്നേരം 5 മണിയ്ക്ക് മുമ്പായി ഈ പരിശീലന കേന്ദ്രത്തിൽ ഫോൺ മുഖേനയോ, നേരിട്ടോ ബുക്ക് ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നം : 0471 – 2440911` മേൽവിലാസം : ക്ഷീരപരിശീലന കേന്ദ്രം പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം. പി.ഒ., തിരുവനന്തപുരം -695004, Email ID:principaldtctvm@gmail.com

2. സി പി സി ആർ ഐ കായംകുളം പ്രാദേശിക കേന്ദ്രത്തിൽ നിന്നും ചിങ്ങം ഒന്നിനോട് (കർഷകദിനം) അനുബന്ധിച്ച് ഓഗസ്റ്റ് 18 ആം തിയതി മുതൽ എല്ലാ പ്രവർത്തി ദിവസങ്ങളിലും 10 മുതൽ 4 മണി വരെ തെങ്ങിൻ തൈ വിതരണം ഉണ്ടായിരിക്കുന്നതാണ്. കുറിയ ഇനങ്ങൾ കല്പശ്രീ, ചാവക്കാട് ഓറഞ്ച് 230 രൂപക്കും നാടൻ ഇനം പശ്ചിമ തീര നെടിയ 140 രൂപക്കും ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക: 8547465733, 0479 -2442160

3. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ "പാക്കേജ്ഡ് ഫ്രഷ് കട്ട് ഫ്രൂട്ട്സ് & വെജിറ്റബിൾസ് (മിനിമൽ പ്രോസസ്സിംഗ്) നിർമ്മാണ രീതികൾ" എന്ന വിഷയത്തിൽ 2025 ആഗസ്റ്റ് 19 ന് ഏകദിന പരിശീലന പരിപാടി

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

നടത്തുന്നു. പരിശീലന ഫീസ് **300/-** രൂപ. താൽപര്യമുള്ളവർ **9400483754** എന്ന ഫോണ് നമ്പറിൽ രജിസ്റ്റര് ചെയ്യാവുന്നതാണ്.

4. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ "പ്രകൃതി കൃഷി" എന്ന വിഷയത്തിൽ 2025 ആഗസ്റ്റ് 20ന് ഏകദിന പരിശീലന പരിപാടി നടത്തുന്നു. പരിശീലന ഫീസ് 300/- രൂപ. താൽപര്യമുള്ളവര് **9400483754** എന്ന ഫോണ് നമ്പറിൽ (രാവിലെ10 മണി മുതൽ വൈകിട്ട് 4 മണി വരെ) രജിസ്റ്റർ ചെയ്യാവുന്നതാണ്.

5. കോട്ടയം ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് 2025 ആഗസ്റ്റ് 18 മുതൽ 22 വരെ തീയതികളിൽ "ശാസ്ത്രീയ പശു പരിപാലനം " എന്ന വിഷയത്തിൽ അഞ്ചു ദിവസത്തെ പരിശീലനം സംഘടിപ്പിക്കുന്നു. താൽപര്യമുള്ളവർ 2025 ആഗസ്റ്റ് 18 രാവിലെ 10 മണിക്ക് കോട്ടയം (Manorama Junction ന് സമീപം) ഈരയിൽക്കടവിലുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ എത്തി രജിസ്ട്രേഷൻ നടത്തേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 20 രൂപ. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ഭക്ഷണം, ദിനബത്ത,അർഹമായ യാത്രാബത്ത എന്നിവ ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0481-2302223, 9446533317.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം